ADFW/357/2021-OM(2)

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. തീയതി: 13/01/2021

# സർക്കുലർ

വിഷയം: - കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - 14-ാം കേരള നിയമസഭ, 22-ാം സമ്മേളനം - ഓഫീസ് പ്രവർത്തനം സംബന്ധിച്ച ക്രമീകരണം - സംബന്ധിച്ച്

സൂചന: - .........

പതിനാലാം കേരള നിയമസഭയുടെ 22-ാം സമ്മേളന നടപടികൾ 28-01-2021 വരെ നിശ്ചയിച്ചിട്ടുണ്ട്. ഈ സമ്മേളന കാലയളവിൽ ബഹു മുഖ്യമന്ത്രിയും ബഹു കൃഷി വകുപ്പ് മന്ത്രിയും നിയമസഭ ചോദ്യത്തിന് മറുപടി നൽകേണ്ട ദിവസങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 12-01-2021, 20-01-2021, 28-01-2021 | മുഖ്യമന്ത്രി |
| 2 | 19-01-2021, 27-01-2021 | കൃഷി വകുപ്പ് മന്ത്രി |

ഈ സാഹചര്യത്തിൽ നിയമസഭാ നടപടികളുടെ തടസ്സ രഹിതമായ പ്രവർത്തനത്തിനും കാർഷിക വികസന കർഷകക്ഷേമ വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ യഥാസമയം നൽകുന്നതിനും ചുവടെ ചേർത്തിരിക്കുന്ന ക്രമീകരണം ഏർപ്പെടുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

(1) സഭാ സമ്മേളന കാലയളവിൽ എല്ലാ ഉദ്യോഗസ്ഥന്മാരും നിർബന്ധമായും ഓഫീസിൽ ഹാജരാകേണ്ടതാണ് അത്യാവശ്യഘട്ടങ്ങളിലൊഴികെ മുൻകൂർ അനുമതിയില്ലാതെ ആരും അവധിയിൽ പ്രവേശിക്കുവാൻ പാടില്ല.

(2) സഭാസമ്മേളനം അവസാനിക്കുന്നത് വരെയുള്ള (28-01-2021) കാലയളവിലെ അവധി ദിവസങ്ങളിൽ ആവശ്യാനുസരണം ഓഫീസ് തുറന്നു പ്രവർത്തിക്കേണ്ടതാണ്

(3) നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട ജോലിയുള്ള ഉദ്യോഗസ്ഥന്മാർ (ടൈപ്പിസ്റ്റ്, ഓഫീസ് അറ്റന്റർമാർ ഉൾപ്പെടെ) മേലുദ്യോഗസ്ഥർ ആവശ്യപ്പെടുന്ന മുറയ്ക്ക് അവധിദിവസങ്ങളിലും ഓഫീസിൽ ഹാജരായി അടിയന്തിര ജോലികൾ ചെയ്ത് തീർക്കേണ്ടതാണ്

(4) അവധി ദിവസങ്ങളിൽ ജോലിക്ക് ഹാജരാകുന്ന വർക്ക് കോമ്പൻസേഷൻ ലീവ് അനുവദിക്കുന്നതാണ്.

(5) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ജില്ലകളിലെ ഓഫീസുകളും നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട ജോലികൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്

ഒപ്പ്/-
**ഡയറക്ടർ**
**കാർഷിക വികസന കർഷകക്ഷേമ വകുപ്പ്**

To,

1. കൃഷി ഡയറക്ടറേറ്റിലെ എല്ലാ ഓഫീസർമാർക്കും ജീവനക്കാർക്കും
2. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
3. കൃഷി വകുപ്പിനു കീഴിലെ എല്ലാ ഓഫീസ് മേധാവികൾക്കും
4. ഐ.റ്റി.ഡിവിഷൻ: വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും ഇ-മെയിൽ അയക്കുന്നതിനും.
5. ഡയറക്ടറുടെ റ്റി.എ.ക്ക്
6. സെക്യൂരിറ്റി ജീവനക്കാർക്കും വാച്ച്മാൻമാർക്കും
7. സ്റ്റോക്ക് ഫയൽ / അധികം

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33